# എല്ലാം സത്യമോ..?

അബ്ദുൽ മുഹ്സിൻ ഐദീദ് وَفَّقَهُ اللَّهُ تَعَالَى

വ്യത്യസ്ത വിശ്വാസങ്ങളുടെയും ചിന്തകളുടെയും നാടാണ് ഇന്ത്യ. അനേകം മതങ്ങൾ. ചിന്താധാരകൾ. വിശ്വാസങ്ങളും ആചാരങ്ങളും. ഇവക്കിടയിൽ സത്യം കണ്ടെത്തുക എന്നത് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രയാസം തന്നെ. ഇതു കൊണ്ടെല്ലാം പലരും തങ്ങൾ ജനിച്ചു വന്ന ആചാരങ്ങളിലും വിശ്വാസങ്ങളിലും തന്നെ മരണം വരെ തുടർന്നു പോകാമെന്ന തീരുമാനം എടുക്കുന്നു. ഏതിലാണ് സത്യമെന്നറിയാനോ മനസ്സിലാക്കാനോ പലരും ശ്രമിക്കാറില്ല. അധിക പേർക്കും അതിൽ താൽപര്യവുമില്ല.

സത്യം കണ്ടെത്തുക എന്നത് പ്രയാസമുള്ളതായി അനുഭവപ്പെട്ടതു കൊണ്ടായിരിക്കണം; ചിലർ -പ്രത്യേകിച്ച് ഇന്ത്യയിലുള്ള ചിലർ- തങ്ങളുടെതായി ഒരു വാദം സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയുടെ സാംസ്കാരിക സവിശേഷതയായാണ് ഈ വാദം പലപ്പോഴും വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഏറെ പുകഴ്ത്തപ്പെടേണ്ട ഭാരതീയ സംസ്കാരമായാണ് ബുദ്ധിജീവികൾ പോലും ഇതിനെ വിശേഷിപ്പിക്കാറുള്ളത്.

മറ്റൊന്നിനെ കുറിച്ചുമല്ല പറഞ്ഞു വരുന്നത്. **സർവ്വമതസത്യ** വാദത്തെ കുറിച്ചു തന്നെ. ഇന്ത്യയിൽ ഏറെ പുകഴ്ത്തപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന പലരും ഈ വാദം വ്യക്തമായി ഉന്നയിച്ചിട്ടുള്ളവരും, അതിന്റെ വക്താക്കളായി അറിയപ്പെട്ടവരുമാണ്. ഇന്നും ഈ ചിന്ത -സനാതന ധർമ്മമെന്ന പേരിലും, ഭാരതീയ സംസ്കാരത്തിന്റെ അടിത്തറയെന്ന പേരിലും- വ്യാപകമായി പ്രചരിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നു.

ഇവരുടെ വാദത്തിന്റെ ചുരുക്കം ഇപ്രകാരമാണ്: എല്ലാ മതങ്ങളും സത്യം തന്നെ. എല്ലാത്തിനെയും ബഹുമാനിക്കണം. എല്ലാ പുഴകളും ഒരു സമുദ്രത്തിലേക്കാണ് ഒഴുകുന്നത് എന്ന പോലെ എല്ലാ വിശ്വാസങ്ങളും ഒരു ലക്ഷ്യത്തിലേക്ക് തന്നെയാണ് എത്തിക്കുക. ഒരു ശക്തിയിലേക്ക് എത്തിക്കുന്ന വ്യത്യസ്ത വഴികൾ മാത്രമാണ് എല്ലാ ചിന്തകളും വിശ്വാസങ്ങളും.

ഇങ്ങനെ പറയുന്നവർ നമ്മുടെ നാട്ടിൽ ഏറെ പുകഴ്ത്തപ്പെടാറുണ്ട്. അവർ മഹാചിന്തകരായും സഹിഷ്ണുതയുടെ കാവൽക്കാരായും വിശേഷിപ്പിക്കപ്പെടാറുണ്ട്. തന്റേത് മാത്രമാണ് ശരിയെന്നു വിശ്വസിക്കുന്നവരാണ് സർവ്വ കുഴപ്പങ്ങൾക്കും തീവ്രവാദങ്ങൾക്കും കാരണക്കാരെന്നും ഇത്തരക്കാർ പറഞ്ഞു വെക്കാറുണ്ട്. സർവ്വ മതങ്ങ

ളെയും ആദരിക്കാനും അംഗീകരിക്കാനും കഴിയുമ്പോൾ മാത്രമേ സമാധാനവും ശാന്തിയും പുലരൂ എന്നവർ ധരിച്ചിരിക്കുന്നു.

എന്നാൽ, ഒന്നു ചിന്തിച്ചു നോക്കിയാൽ ഈ വാദം -എല്ലാം ശരിയാണെന്ന ആശയം- സത്യത്തിൽ നിന്നുള്ള ഭീരുത്വം നിറഞ്ഞ ഒളിച്ചോട്ടമാണ് എന്നു മനസ്സിലാകും. തന്റെ വിശ്വാസവും ചിന്താഗതികളും തെളിവുകളുടെ പിൻബലമില്ലാത്തതാണ് എന്നു തിരിച്ചറിഞ്ഞ ഒരാളിൽ നിന്നു മാത്രമേ ഈ വാക്കുകൾ പുറത്തു വരികയുള്ളൂ. ചിന്തിക്കുന്ന, ബുദ്ധിയുള്ള ഏതൊരാൾക്കും ഈ പറയുന്നതിൽ സത്യമില്ല എന്ന് മനസ്സിലാകും.

ആലോചിച്ചു നോക്കുക!

എങ്ങനെയാണ് എല്ലാം സത്യമാവുക?

ഭൂമിയിൽ എത്രയോ വസ്തുക്കളും വിഷയങ്ങളുമില്ലേ? അവയെല്ലാം എങ്ങനെയാണ് ഒരു പോലെയാവുക?

വ്യഭിചാരത്തെയും ബലാൽസംഗത്തെയും വിവാഹത്തെയും നീ ഒരു പോലെയാണോ കാണുന്നത്? അന്യന്റെ സമ്പാദ്യം തട്ടിപ്പറിച്ചെടുക്കുന്നതും പ്രയാസപ്പെട്ടും വിയർപ്പൊഴിക്കിയും ജോലി ചെയ്യുന്നതും ഒരു പോലെയാകുമോ? സത്യസന്ധതയും നീതിയും ശ്രേഷ്ഠമാണെന്ന് നമുക്കറിയാം. അതു പോലെ തന്നെയാണോ കളവും അനീതിയും അതിക്രമവുമെല്ലാം? മേൽ പറഞ്ഞതൊന്നും ഒരു പോലെയല്ലെങ്കിൽ; വ്യത്യസ്ത നിയമങ്ങളും കൽപ്പനകളും ഉൾക്കൊള്ളുന്ന മതങ്ങളും ആദർശങ്ങളും എങ്ങനെ ഒരു പോലെയാകും?

ആരാധനകൾക്ക് അർഹനായ ഒരേയൊരു സ്രഷ്ടാവ് മാത്രമേ ഉള്ളൂവെന്ന പ്രഖ്യാപിക്കുന്ന ഇസ്ലാമും, ദൈവം മൂന്നുണ്ടെന്നു വാദിക്കുന്ന ക്രൈസ്തവതയും, മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ടെന്നു ജൽപ്പിക്കുന്ന ഹൈന്ദവതയും, കാണുന്നതെല്ലാം ദൈവമാണെന്ന് വിശ്വസിക്കുന്ന അദ്വൈതവും, പിശാചാണ് ദൈവമെന്നു പറയുന്ന സാതാനിസവും, ദൈവമേ ഇല്ലെന്നു പ്രചരിപ്പിക്കുന്ന നിരീശ്വരത്വവും എങ്ങനെ ഒന്നാകും?

മരണത്തിന് ശേഷം പുനരുഥാനമുണ്ടെന്നും, അവിടെ നന്മ തിന്മകൾക്ക് പ്രതിഫലം നൽകപ്പെടുന്ന സ്വർഗ നരകങ്ങൾ ഉണ്ടെന്നും ഇസ്ലാം ഉറപ്പിച്ചു പറയുന്നു. പരലോകമുണ്ടെങ്കിലും യേശുവിൽ വിശ്വസിച്ചവൻ -നന്മ ചെയ്താലും തിന്മ ചെയ്താലും- സ്വർഗത്തിൽ പോകുമെന്ന് ക്രൈസ്തവത പറയുന്നു. എന്നാൽ പരലോകമെന്ന

ഒന്നേ ഇല്ലെന്നും, മനുഷ്യർ തങ്ങളുടെ പ്രവർത്തനങ്ങളുടെ നിലവാരമനുസരിച്ച് പട്ടിയോ പൂച്ചയോ കഴുതയോ ഒക്കെ ആയി പുനർജനിക്കുകയാണെന്നും ഹൈന്ദവ വിശ്വാസികൾ പറയുന്നു. മരണ ശേഷം യാതൊന്നും സംഭവിക്കാനില്ലെന്നും, എല്ലാം അതോടെ അവസാനിക്കുമെന്നും ആധുനികരും പറയുന്നു. ഈ പറഞ്ഞതെല്ലാം ഒരുമിച്ച് സത്യമാകുമോ?

മുഹമ്മദ് നബി -ﷺ- അന്തിമ പ്രവാചകനാണെന്നും അദ്ദേഹത്തിൽ വിശ്വസിക്കൽ നിർബന്ധമാണെന്നും ശഠിക്കുന്ന ഇസ്ലാമിക വിശ്വാസവും, മുഹമ്മദ് നബിയെ കള്ളനെന്നു മുദ്ര കുത്തുന്ന ക്രൈസ്തവ-യഹൂദ വിശ്വാസങ്ങളും, അദ്ദേഹം ദൈവത്തിന്റെ അവതാരമായിരുന്നെന്നു വിശ്വസിക്കുന്ന അദ്വൈതവാദികളായ സൂഫികളും, മുഹമ്മദ് -ﷺ- കേവലമൊരു സാംസ്കാരിക നായകൻ മാത്രമായിരുന്നെന്ന ആധുനിക വ്യാഖ്യാനവും എങ്ങനെ ഒരുമിക്കും?

മദ്യം കുടിക്കരുതെന്നും, തിന്മകളുടെ മാതാവാണ് മദ്യമെന്നും ശക്തമായി കൽപ്പിക്കുന്ന ഇസ്ലാമിക നിയമങ്ങളും, പച്ചവെള്ളം വീഞ്ഞാക്കി നൽകിയതാണ് യേശുവിന്റെ മഹത്തായ പ്രവൃത്തിയെന്നു വിശ്വസിക്കുന്ന ക്രൈസ്തവതയും, മദ്യം ഒഴിച്ചു കൂടാനാകാത്ത തങ്ങളുടെ സംസ്കാരത്തിന്റെ ഭാഗമായി കാണുന്ന ഹൈന്ദവ വിശ്വാസവും ഒരു പോലെയാകുമോ?

ഇതു പോലെ മറ്റേതു വിഷയങ്ങളിലും വ്യത്യസ്തകൾ വ്യക്തമായി കാണാം. മതങ്ങൾക്കിടയിൽ ആർക്കും മനസ്സിലാക്കാവുന്ന അന്തരങ്ങളും അകൽച്ചകളും കാണാം. ഇവയൊന്നും പരിഗണിക്കുകയോ പഠിക്കുകയോ ചെയ്യാതെ എല്ലാത്തിനെയും ഒരേ ആലയിൽ കെട്ടുന്നത് -നേരത്തെ പറഞ്ഞതു പോലെ- തന്റെ വിശ്വാസവും ആചാരവും സത്യമല്ലെന്ന ഉറച്ച ബോധ്യത്തിൽ നിന്ന് മാത്രമാണ്.

പലരാലും ഏറെ പുകഴ്ത്തപ്പെടുന്ന, ഈ നാടിന്റെ പ്രത്യേകതയെന്നു പലരും വാഴ്ത്തി പറയുന്ന, 'ധർമ്മമെന്നും' 'സഹിഷ്ണുതയെന്നും' 'സനാതന സംസ്കാരമെന്നും' വിശേഷിപ്പിക്കപ്പെട്ട ഈ ചിന്താഗതിയെ കുറിച്ചുള്ള ചെറിയ ഒരു പഠനമാണിത്.

**ചിന്തിക്കുക!**

നാം ബുദ്ധിയുള്ളവരാണ്. ചിന്തിക്കാനും കാര്യങ്ങൾ വേർതിരിച്ചെടുക്കാനും കഴിയുന്നവർ. പൊള്ളുന്ന തീയും തണുപ്പു നൽകുന്ന വെള്ളവും ഒരു പോലെയല്ലെന്നു ചെറുപ്രായം മുതൽ നമുക്കറിയാം. ഭയമുണ്ടാക്കുന്നതിൽ നിന്ന് ഓടി രക്ഷപ്പെടാനും കരയാനും ചെറു പ്രായത്തിൽ നാം പഠിച്ചിട്ടുണ്ട്.

ഏതു കാര്യത്തിലും നന്മയുണ്ട്. തിന്മയുമുണ്ട്.

ശരിയും തെറ്റുമുണ്ട്.

യോജിച്ചതും അനുയോജ്യമല്ലാത്തതുമുണ്ട്.

രണ്ടും ഒരിക്കലും സമമാകില്ല.

ഖുർആനിലെ ചില ആയതുകളിൽ വന്ന ചോദ്യങ്ങൾ നോക്കുക!

قُلْ هَلْ يَسْتَوِي الْأَعْمَىٰ وَالْبَصِيرُ ۚ أَفَلَا تَتَفَكَّرُونَ ﴿٥٠﴾

"പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്?" (അൻആം: ൫൦)

قُلْ هَلْ يَسْتَوِي الْأَعْمَىٰ وَالْبَصِيرُ أَمْ هَلْ تَسْتَوِي الظُّلُمَاتُ وَالنُّورُ

"പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ?" (റഅ്ദ്: ൧൬)

مَثَلُ الْفَرِيقَيْنِ كَالْأَعْمَىٰ وَالْأَصَمِّ وَالْبَصِيرِ وَالسَّمِيعِ ۚ هَلْ يَسْتَوِيَانِ مَثَلًا ۚ أَفَلَا تَذَكَّرُونَ ﴿٢٤﴾

"ഈ രണ്ട് വിഭാഗങ്ങളുടെയും (മുസ്ലിമീങ്ങളുടെയും അല്ലാത്തവരുടെയും) ഉപമ അന്ധനും ബധിരനുമായ ഒരാളെപ്പോലെയും, കാഴ്ചയും കേൾവിയുമുള്ള മറ്റൊരാളെപ്പോലെയുമാകുന്നു. ഇവർ ഇരുവരും ഉപമയിൽ തുല്യരാകുമോ? അപ്പോൾ നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?" (ഹൂദ്: ൨൪)

قُل لَّا يَسْتَوِي الْخَبِيثُ وَالطَّيِّبُ وَلَوْ أَعْجَبَكَ كَثْرَةُ الْخَبِيثِ ۚ فَاتَّقُوا اللَّهَ يَا أُولِي الْأَلْبَابِ لَعَلَّكُمْ تُفْلِحُونَ ﴿١٠٠﴾

"(നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചത് ധാരാളമുണ്ടെന്നത് നിന്നെ അത്ഭുതപ്പെടുത്തിയാലും. അതിനാൽ ബുദ്ധിയുള്ളവരേ! നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിന്." (മാഇദ: ൧൦൦)

وَمَا يَسْتَوِي الْأَعْمَىٰ وَالْبَصِيرُ ﴿١٩﴾ وَلَا الظُّلُمَاتُ وَلَا النُّورُ ﴿٢٠﴾ وَلَا الظِّلُّ وَلَا الْحَرُورُ ﴿٢١﴾ وَمَا يَسْتَوِي الْأَحْيَاءُ وَلَا الْأَمْوَاتُ

"അന്ധനും കാഴ്ചയുള്ളവനും സമമാവുകയില്ല. ഇരുളുകളും വെളിച്ചവും (സമമാവുക യില്ല.) തണലും ചൂടുള്ള വെയിലും (സമമാവുകയില്ല.) ജീവിച്ചിരിക്കുന്നവരും മരിച്ച വരും സമമാകുകയില്ല." (ഫാത്വിർ: ൧൯-൨൨)

മേൽ പറഞ്ഞ ചോദ്യങ്ങളെ കുറിച്ച് നീ ആഴത്തിൽ ചിന്തിക്കുക. അവയുടെ ഉ ത്തരം വളരെ ലളിതമാണ്. പ്രപഞ്ചത്തിൽ എല്ലാം വ്യത്യസ്ത ഗുണങ്ങളും സ്വഭാവ ങ്ങളും ഉള്ളവയാണ്. എല്ലാം നല്ലതോ അല്ലെങ്കിൽ മോശമോ അല്ല. മറിച്ച് നല്ലവ യുണ്ട്. അല്ലാത്തവയുമുണ്ട്. ഇതു പോലെ തന്നെയാണ് വിശ്വാസങ്ങളും ചിന്താധാ രകളും മതങ്ങളും ആദർശങ്ങളുമെല്ലാം. ഇതെല്ലാം വളരെ എളുപ്പത്തിൽ മനസ്സിലാ ക്കാവുന്ന കാര്യം മാത്രമാണ്.

നീ ഒരു ബസ്സ്റ്റാന്റിലാണ് എന്നു സങ്കൽപ്പിക്കുക. എത്രയോ ബസ്സുകൾ അവിടെ യുണ്ട്. അവയെല്ലാം ഏതാണ്ട് രൂപങ്ങളിൽ ഒരു പോലെ തന്നെ. എന്നാൽ അവ യെല്ലാം ഒരേ ലക്ഷ്യത്തിലേക്കാണോ നിന്നെ എത്തിക്കുക? ബസ്സുകളെല്ലാം കാ ണാൻ ഒരു പോലെയുണ്ടെന്നത് കൊണ്ട് അവയെല്ലാം നിനക്ക് പോകാനുള്ള സ്ഥ ലത്തേക്കാണെന്ന് നീ മനസ്സിലാക്കുമോ? ഒരു ലളിതമായ ഉദാഹരണം മാത്രമാ ണിത്.

കേവലം ബോർഡിലെഴുതിയ ചില അക്ഷരങ്ങൾ ബസ്സിന്റെ യാത്രാ വഴികളി ലും, അതെത്തി ചേരുന്ന ലക്ഷ്യസ്ഥാനങ്ങളിലും വലിയ അന്തരവും മാറ്റവുമുണ്ടാക്കു മെങ്കിൽ മുൻപ് പറയപ്പെട്ട വ്യത്യാസങ്ങളും അകൽച്ചകളും ഉൾക്കൊള്ളുന്ന മതങ്ങ ളും ആദർശങ്ങളും തമ്മിൽ എന്തു മാത്രം അന്തരവും അകൽച്ചയുമുണ്ടായിരിക്കും?!

ഈ പറഞ്ഞ വ്യത്യാസങ്ങളെല്ലാം ഉണ്ടായിട്ടും, എല്ലാ മതങ്ങളും വിശ്വാസങ്ങളും ഒരു പോലെയാണെന്നും അതിൽ ഏതെങ്കിലും തിരഞ്ഞെടുത്താൽ മതിയെന്നും ഇത്ര അശ്രദ്ധയോടെ പറയാൻ എങ്ങനെ ഒരാൾക്ക് കഴിയും? ശുദ്ധമായ നന്മയെ യും സൽകർമ്മത്തെയും, നീചമായ തിന്മയെയും അനീതിയെയും ഒരേ കണ്ണോടെ വിലയിരുത്താൻ എങ്ങനെ സാധിക്കും?

അല്ലാഹു പറയുന്നു:

وَلَا تَسْتَوِي الْحَسَنَةُ وَلَا السَّيِّئَةُ

"നന്മയും തിന്മയും സമമാവുകയില്ല" (ഫുസ്വിലത്: ൩൪)

നന്മകളും തിന്മകളും സമമാവില്ല എന്ന് അംഗീകരിക്കാത്ത ഏതൊരാളാണ് ഉ

ണ്ടാവുക. കളവും സത്യവും, മോഷണവും അധ്വാനവും, വിശ്വസ്തതയും വഞ്ചനയും, ഉപദ്രവവും ഉപകാരവുമൊക്കെ ഒരു പോലെയാണോ? ഏതെങ്കിലും ബുദ്ധിയുള്ള മനുഷ്യൻ അപ്രകാരം പറയുമോ?

പക്ഷേ അത്ഭുതകരമെന്ന് പറയട്ടെ!

എല്ലാം നന്മയാണെന്നും, എന്തും വിശ്വസിക്കാമെന്നും, എല്ലാ മതങ്ങളും ഒന്ന് തന്നെയാണെന്നും ആരെങ്കിലും പറഞ്ഞാൽ, അവനാണ് നമ്മുടെ നാട്ടിൽ ഏറ്റവും വലിയ ബുദ്ധിമാനായി ഗണിക്കപ്പെടുക. അവർ സാംസ്കാരിക നായകരും സമാധാനത്തിന്റെ ദൂതരും! ഇന്ന മതം മാത്രമാണ് ശരിയെന്നും, മറ്റു മതങ്ങളിൽ തെറ്റുകൾ ഉള്ളതിനാൽ അവ പിൻപറ്റരുത് എന്നു പറയുന്നവൻ തീവ്രവാദിയും!

ചുരുക്കത്തിൽ, ഏതെങ്കിലും വിശ്വാസങ്ങൾ തോന്നിയതു പോലെ സ്വീകരിച്ചവനും, തന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിൽ നിന്നുള്ള ദീനായ ഇസ്ലാമിൽ അടിയുറച്ചു വിശ്വസിച്ചവനും തമ്മിൽ ഒരു പോലെ ആവുകയില്ല.

അപ്പോൾ പിന്നെ ഏതു മതമാണ് ശരി?

ഏത് ആദർശമാണ് പിൻപറ്റേണ്ടത്?

ആരു പറയുന്നതാണ് ശരി?

ഇത് ഓരോരുത്തരും കണ്ടെത്തേണ്ടതുണ്ട്. കാരണം സത്യം പിൻപറ്റുക എന്നത് ഏതു മനുഷ്യനും വളരെ ആവശ്യമാണ്. കാരണം അവൻ മൃഗങ്ങളെയോ പക്ഷികളെയോ പോലെ അല്ല. അവന്റെ ജീവിതത്തിന് പിന്നിൽ ലക്ഷ്യവും കൃത്യതയുമുണ്ട്. ചിന്തിക്കാൻ ബുദ്ധി ശക്തിയും മഹത്തരമായ സൃഷ്ടിപ്പും അവന് നൽകപ്പെട്ടിരിക്കുന്നു.

അതിനാൽ സത്യം കണ്ടെത്തണം. എന്തുണ്ട് വഴി?

എല്ലാ മതങ്ങളെ കുറിച്ചും ഒരു കേവല വായന വേണമെങ്കിൽ നിനക്ക് നടത്താം.

ഞാൻ മനസ്സിലാക്കുന്നത് -അല്ല! ഉറച്ചു വിശ്വസിക്കുന്നത്- ഇതാണ്:

ഏറ്റവും ശരിയായ മതം ഇസ്ലാമാണ്. അല്ല! ഇസ്ലാം മാത്രമാണ് പൂർണ്ണ ശരി. നിന്നെയും എന്നെയും സൃഷ്ടിച്ച അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ടു എന്ന് ഉറപ്പോടെ പറയാവുന്ന ഏക മതം അതു മാത്രമാണ്. ഇസ്ലാമിനെ കുറിച്ച് പഠിക്കാൻ തയ്യാറാവുകയാണെങ്കിൽ ഞാനീ പറയുന്നത് നിനക്കും മനസ്സിലാകാതിരിക്കില്ല.

ഇസ്ലാം നന്മകളിലേക്കും സൽകർമ്മങ്ങളിലേക്കുമാണ് മനുഷ്യനെ നയിക്കുന്നത്. മറ്റു മതങ്ങളാകട്ടെ; ധാരാളം തിന്മകളിലേക്കും അനീതികളിലേക്കും.

اللَّـهُ وَلِيُّ الَّذِينَ آمَنُوا يُخْرِجُهُم مِّنَ الظُّلُمَاتِ إِلَى النُّورِ ۖ وَالَّذِينَ كَفَرُوا أَوْلِيَاؤُهُمُ الطَّاغُوتُ يُخْرِجُونَهُم مِّنَ النُّورِ إِلَى الظُّلُمَاتِ ۗ أُولَـٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ﴿٢٥٧﴾

"(ഇസ്ലാമിൽ) വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടു വരുന്നു. എന്നാൽ കാഫിറുകളുടെ രക്ഷാധികാരികൾ ത്വാഗൂതുകൾ (അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്നവ) ആകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് അവർ ഇവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു." (ബഖറ: ൨൫൭)

ഇസ്ലാം സ്വീകരിക്കുകയും നന്മകൾ സ്വീകരിക്കുകയും ചെയ്തവർ നന്മയുടെ പക്ഷത്താണ്. എന്നാൽ തിന്മകൾ പ്രവർത്തിക്കുകയും ഇസ്ലാമിനെ നിഷേധിക്കുകയും ചെയ്തവർ തിന്മയുടെ പക്ഷത്തുമാണ്. ഒരിക്കലും രണ്ടു പേരും സമമാവുകയില്ല

وَمَا يَسْتَوِي الْأَعْمَىٰ وَالْبَصِيرُ وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَلَا الْمُسِيءُ ۚ قَلِيلًا مَّا تَتَذَكَّرُونَ

"അന്ധനും കാഴ്ചയുള്ളവനും സമമാകുകയില്ല. (ഇസ്ലാമിൽ) വിശ്വസിച്ച് സൽകർമ്മങ്ങൾ ചെയ്തവരും ദുഷ്കൃത്യം ചെയ്തവരും സമമാകുകയില്ല. കുറച്ചു മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ." (ഗാഫിർ: ൫൮)

ഇസ്ലാം സ്വീകരിച്ചവർക്ക് സ്വർഗമുണ്ട്. അല്ലാത്തവർക്ക് നരകവും. ഇഹലോകത്ത് ഇസ്ലാമും അതിന് പുറമെയുള്ള മതങ്ങളും സമമാകില്ലെന്നത് പോലെ പരലോകത്ത് സ്വർഗക്കാരും നരകക്കാരും സമമാവുകയില്ല. ഒരാൾ സ്വർഗാനുഭൂതികളിലാണ്. അവന് ആഗ്രഹിക്കുന്നതെല്ലാം അവിടെയുണ്ട്. താഴ്ഭാഗത്തു കൂടെ അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്. ഉന്നതരും സച്ചരിതരുമായ കൂട്ടുകാരുണ്ട്.

എന്നാൽ ഇസ്ലാം സ്വീകരിക്കാത്തവനാകട്ടെ; നരകത്തിന്റെ അടിത്തട്ടുകളിലാണ്. കത്തിജ്വലിക്കുന്ന അഗ്നിനാളങ്ങൾ അവനെ പൊതിഞ്ഞിരിക്കുന്നു. കടുത്ത ചൂടും പുകയും അവനെ കരിച്ചു കളഞ്ഞിരിക്കുന്നു. വിശപ്പു മാറ്റാൻ ഭക്ഷണമോ, കുടിക്കാൻ വെള്ളമോ അവന് അവിടെ ലഭിക്കുകയില്ല.

لَا يَسْتَوِي أَصْحَابُ النَّارِ وَأَصْحَابُ الْجَنَّةِ ۚ أَصْحَابُ الْجَنَّةِ هُمُ الْفَائِزُونَ ﴿٢٠﴾

"നരകാവകാശികളും സ്വർഗാവകാശികളും സമമാകുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ." (ഹശ്ർ: ൨൦)

أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًا ۚ لَّا يَسْتَوُونَ ﴿١٨﴾ أَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَلَهُمْ جَنَّاتُ الْمَأْوَىٰ نُزُلًا بِمَا كَانُوا يَعْمَلُونَ ﴿١٩﴾ وَأَمَّا الَّذِينَ فَسَقُوا فَمَأْوَاهُمُ النَّارُ ۖ كُلَّمَا أَرَادُوا أَن يَخْرُجُوا مِنْهَا أُعِيدُوا فِيهَا وَقِيلَ لَهُمْ ذُوقُوا عَذَابَ النَّارِ الَّذِي كُنتُم بِهِ تُكَذِّبُونَ ﴿٢٠﴾

"അപ്പോൾ മുസ്ലിമായിരുന്നവൻ ഫാസിഖ് (ധിക്കാരി) ആയിരുന്നവനെ പോലെയാണോ? അവർ തുല്യരാകുകയില്ല. എന്നാൽ (ഇസ്ലാമിൽ) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്കാണ് -തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ പേരിൽ ആതിഥ്യമായിക്കൊണ്ട്- താമസിക്കുവാൻ സ്വർഗത്തോപ്പുകളുള്ളത്.

എന്നാൽ ധിക്കാരം കാണിച്ചവരാരോ അവരുടെ വാസസ്ഥലം നരകമാകുന്നു. അവർ അതിൽ നിന്ന് പുറത്ത് കടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്ക് തന്നെ അവർ തിരിച്ചയക്കപ്പെടുന്നതാണ്. നിങ്ങൾ നിഷേധിച്ച് തള്ളിക്കളഞ്ഞിരുന്ന ആ നരകത്തിലെ ശിക്ഷ നിങ്ങൾ ആസ്വദിച്ച് കൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്യും." (സജ്ദ: ൧൮-൨൦)

ചുരുക്കത്തിൽ നന്മകളും തിന്മകളും തമ്മിൽ വ്യത്യാസമുണ്ട്. നന്മ അറിയിക്കുന്ന ഇസ്ലാം മതവും നന്മകളും തിന്മകളും കൂടിക്കലർന്ന ഇസ്ലാമേതര മതങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. നന്മ സ്വീകരിച്ച മുസ്ലിമും അല്ലാത്തവരും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടു പേരുടെയും മരണങ്ങൾ തമ്മിൽ അന്തരമുണ്ട്. മരണശേഷമുള്ള അവരുടെ ജീവിതത്തിലും വ്യത്യാസങ്ങളുണ്ട്.

**എല്ലാം ശരിയാണെങ്കിൽ...!**

എല്ലാം ശരിയാണെന്ന വാദത്തോട് ഇസ്ലാം സ്വീകരിച്ച നിലപാട് മനസ്സിലായി. ഒന്നു ചിന്തിച്ചാൽ ബുദ്ധിപരമായും ഈ വാദം നിലനിൽക്കുന്നതല്ല എന്ന് മനസ്സിലാകും. ഇതിന് വേണ്ടി വാദിക്കുന്നവർക്ക് തന്നെ അവർ പറയുന്നത് പ്രാവർത്തികമാക്കാൻ കഴിയില്ല.

കാരണം, എല്ലാം ശരിയല്ല; ഞങ്ങൾ പറയുന്നത് മാത്രമാണ് ശരി എന്നു പറയുന്ന ഒരു വിഭാഗവും നമ്മുടെ നാട്ടിലുണ്ട്. ഉദാഹരണത്തിന് മുസ്ലിമീങ്ങൾ. ഇസ്ലാം മാത്രമാണ് ശരിയെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. അതിൽ മാത്രമേ മോക്ഷമുള്ളൂ

എന്നും അവർ ആവർത്തിക്കുന്നു.

അല്ലാഹു പറഞ്ഞു:

إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാമാകുന്നു." (ആലു ഇംറാൻ: ൧൯)

وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴿٨٥﴾

"ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: ൮൫)

അപ്പോൾ രണ്ടു വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന ജനങ്ങൾ നമുക്ക് മുന്നിലുണ്ട്. ഒരു വിഭാഗം പറയുന്നു: എല്ലാം ശരിയാണെന്ന്. മറു വിഭാഗം പറയുന്നു: തങ്ങൾ മാത്രം ശരിയെന്ന്. എല്ലാം ശരിയാണെന്ന് വാദിക്കുന്നവർക്ക് തങ്ങളുടെ വാദം പ്രാവർത്തികമാക്കണമെങ്കിൽ 'ഞങ്ങളുടേത് മാത്രം ശരി' എന്നു പറയുന്നവരുടെ വാദവും ശരിയാണെന്ന് അംഗീകരിക്കേണ്ടി വരും. അത് ശരിയാണെന്ന് അംഗീകരിച്ചാൽ അവരുടെ വാദം തെറ്റാണെന്നും അംഗീകരിക്കേണ്ടി വരും!

ചുരുക്കത്തിൽ; നിങ്ങളുടെ വാദം -എല്ലാം ശരിയാണെന്ന വാദം- ഒരിക്കലും പ്രായോഗികമല്ല. ആരെങ്കിലും അത് പ്രായോഗിമാക്കാൻ തുനിഞ്ഞാൽ അയാൾ സ്വന്തം വാദത്തിൽ നിന്ന് നിർബന്ധമായും പിന്മാറേണ്ടി വരും.

ചിന്തിച്ചു നോക്കൂ!

ഇത്ര ദുർബലമായ -സാമാന്യ ബുദ്ധിക്കു പോലും നിരക്കാത്ത- ഒരു ചിന്താഗതിയെ ആണ് ഇന്ന് എത്രയോ പേർ സഹിഷ്ണുതയെന്നും സംസ്കാരമെന്നും ധർമ്മമെന്നും വിശേഷിപ്പിക്കുന്നത്!

**ശരി ഒന്നു മാത്രമാണെങ്കിൽ...!**

ഇസ്ലാം മാത്രമാണ് ശരി എന്ന് മുസ്ലിംകൾ ഉറച്ചു വിശ്വസിക്കുന്നു. കാരണം ഇസ്ലാം എല്ലാ നന്മകളും ഉൾക്കൊള്ളുന്നു. എല്ലാ തിന്മകളിൽ നിന്നും മനുഷ്യരെ അകറ്റുകയും സംരക്ഷിക്കുകയും ചെയ്യുന്നു. നീതിക്ക് വേണ്ടി ശക്തമായി നിലകൊള്ളുകയും, അനീതിയെ തുടച്ചു നീക്കുകയും ചെയ്യുന്നു.

അതിനെല്ലാം പുറമെ -നിന്നെയും എന്നെയും സൃഷ്ടിച്ച- അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ടത് എന്ന് ഉറപ്പോടെ പറയാൻ കഴിയുന്ന ഏക മതം ഇസ്ലാം മാത്രമാണ്. ശരിയെ മാത്രം ശരിയെന്ന വിളിക്കുന്നതാണ് സത്യസന്ധത. അസത്യം; അതെത്ര ധാരാളമുണ്ടെങ്കിലും ശരിയാകുന്നില്ല.

എന്നാൽ പലരും; എല്ലാം ശരിയായിരിക്കുമെന്ന ധാരണയിലാണ്. സ്വന്തം മനസ്സുകളെ തട്ടിയുണർത്താൻ മടിച്ചു നിൽക്കുകയാണ്. ബുദ്ധിയെയും ചിന്തയെയും അവർ മാറ്റി നിർത്തിയിരിക്കുന്നു. അവരോട് നമുക്ക് ചോദിക്കാനുള്ളത് ഇത്ര മാത്രമാണ്:

**മുസ്ലിംകൾ പറയുന്നതാണ് -അത് മാത്രമാണ്- ശരിയെങ്കിൽ; എന്തായിരിക്കും മരണ ശേഷം നിങ്ങളുടെ അവസ്ഥ?**

**ഇസ്ലാം സ്വീകരിക്കാത്തവർക്ക് നരകമുണ്ടെന്ന് ഖുർആൻ പലയിടങ്ങളിലും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.**

**ഇതെല്ലാം കേട്ടതിന് ശേഷവും സത്യം സ്വീകരിച്ചില്ലെങ്കിൽ എന്തായിരിക്കും നിന്റെ സ്ഥിതി?**

അല്ലാഹു ഖുർആനിൽ എത്രയോ ആയത്തുകളിൽ ഇക്കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

قُلْ أَرَأَيْتُمْ إِنْ أَهْلَكَنِيَ اللَّهُ وَمَن مَّعِيَ أَوْ رَحِمَنَا فَمَن يُجِيرُ الْكَافِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾ قُلْ هُوَ الرَّحْمَٰنُ آمَنَّا بِهِ وَعَلَيْهِ تَوَكَّلْنَا ۖ فَسَتَعْلَمُونَ مَنْ هُوَ فِي ضَلَالٍ مُّبِينٍ ﴿٢٩﴾

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എന്നെയും എന്നോടൊപ്പമുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ അല്ലെങ്കിൽ ഞങ്ങളോടവൻ കരുണ കാണിക്കുകയോ ചെയ്താൽ വേദനയേറിയ ശിക്ഷയിൽ നിന്ന് കാഫിറുകളെ രക്ഷിക്കാനാരുണ്ട്? പറയുക: അവനാകുന്നു റഹ്മാൻ (അങ്ങേയറ്റം കാരുണ്യമുള്ളവൻ). അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ വഴിയെ നിങ്ങൾക്കറിയാം; ആരാണ് വ്യക്തമായ വഴികേടിലെന്ന്." (മുൽക്: ൨൮-൨൯)

ഈ ഖുർആനിൽ -നിന്റെ സൃഷ്ടാവ് അവതരിപ്പിച്ച ഈ ഗ്രന്ഥത്തിൽ- പറഞ്ഞത് സത്യമാവുകയും, നിനക്ക് താക്കീത് ചെയ്യപ്പെട്ട ശിക്ഷ നിന്റെ മേൽ ഇറങ്ങുകയും ചെയ്താൽ; എങ്ങനെയാണ് നിനക്ക് രക്ഷപ്പെടാനാവുക?

അതിനാൽ ഓർക്കുക! ഇതൊരു താക്കീതാണ്. ഇസ്ലാം സ്വീകരിക്കണമെങ്കിൽ അങ്ങനെയാകാം. ഇല്ലെങ്കിൽ നിനക്ക് ഇഷ്ടമുള്ളത് ചെയ്യുകയുമാകാം. മരിക്കുന്നതിന് മുൻപ് നിനക്ക് നിന്റെ ഇഷ്ടം പോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. പക്ഷേ മരണ ശേഷം കഠിനമായ ശിക്ഷ നിന്നെ കാത്തിരിക്കുന്നു എന്നോർക്കുക.

إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا ﴿٣﴾ إِنَّا أَعْتَدْنَا لِلْكَافِرِينَ سَلَاسِلَ وَأَغْلَالًا وَسَعِيرًا ﴿٤﴾ إِنَّ الْأَبْرَارَ يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا كَافُورًا ﴿٥﴾

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവന് നന്ദിയുള്ളവനാകാം. അല്ലെങ്കിൽ നന്ദികെട്ടവനാകാം. തീർച്ചയായും കാഫിറുകൾക്ക് നാം ചങ്ങലകളും വിലങ്ങുകളും കത്തിജ്വലിക്കുന്ന നരകാഗ്നിയും ഒരുക്കി വെച്ചിരിക്കുന്നു. തീർച്ചയായും പുണ്യവാൻമാർ (സ്വർഗത്തിൽ) ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്. അതിന്റെ ചേരുവ കർപ്പൂരമായിരിക്കും." (ഇൻസാൻ: ൩-൫)

സത്യം സ്വീകരിക്കാൻ അല്ലാഹു നിന്നെ സഹായിക്കട്ടെ!

وَصَلَّى اللَّهُ وَسَلَّمَ وَبَارَكَ عَلَى رَسُولِنَا وَنَبِيِّنَا

مُحَمَّدِ بْنِ عَبْدِ اللَّهِ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ

وَآخِرُ دَعْوَانَا أَنِ الحَمْدُ لِلَّهِ رَبِّ العَالَمِينَ.

كَتَبَهُ : أَبُو تُرَاب عَبْد المُحْسِن بْن سَيِّد عَلِيّ عَيْدِيدُ

-غَفَرَ اللَّهُ لَهُ وَلِوَالِدَيْهِ وَلِجَمِيع المُسْلِمِينَ-